"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നാഷണൽ റർബൻ മിഷൻ - കണ്ണൂർ ജില്ലയിലെ ചെമ്പിലോട്-പെരളശ്ശേരി ക്ലസ്റ്റർ പ്രോജക്ട് എഞ്ചിനീയർ ശ്രീമതി.റിതിക. എസ്-ന്റെയും., പാലക്കാട് ജില്ലയിൽ പുതുക്കോട്-കാവശ്ശേരി ക്ലസ്റ്ററിൽ പ്രോജക്ട് എഞ്ചിനീയർ ശ്രീ.നിമിൽ എം-ന്റെയും കരാർ കാലാവധി ദീർഘിപ്പിച്ച് നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്**

സ.ഉ.(സാധാ) നം.2907/2022/LSGD തീയതി,തിരുവനന്തപുരം, 24-11-2022

---

പരാമർശം:-

1. 26/02/2016 ലെ സ.ഉ.(പി.)നം. 28/2016/ധന.
2. 28/04/2017-ലെ സ.ഉ.(പി.)നം.56/2017/ധന.
3. 21/07/2018-ലെ സ.ഉ.(പി.)നം.112/2018/ധന.
4. 09/07/2019-ലെ സ.ഉ.(പി.)നം. 81/2019/ധന.
5. 11/02/2021-ലെ സ.ഉ. (പി.)നം. 29/2021/ധന.
6. ഗ്രാമ വികസന കമ്മീഷണറുടെ 30/03/2022, 21/05/2022, 12/08/2022, 24/09/2022, 15/09/2022 തീയതികളിലെ 1171/ആർ.ഐ.4/2022/സി.ആർ.ഡി നമ്പർ കത്തുകൾ

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ ശ്യാമപ്രസാദ് മുഖർജി റർബൻ മിഷനുമായി (SPMRM) ബന്ധപ്പെട്ട്, കണ്ണൂർ ജില്ലയിലെ ചെമ്പിലോട്-പെരളശ്ശേരി ക്ലസ്റ്ററിലെ പ്രോജക്ട് എഞ്ചിനീയർ ശ്രീമതി.റിതിക. എസ്-ന്റെയും., പാലക്കാട് ജില്ലയിൽ പുതുക്കോട്-കാവശ്ശേരി ക്ലസ്റ്ററിലെ പ്രോജക്ട് എഞ്ചിനീയർ ശ്രീ.നിമിൽ എം.-ന്റെയും കരാർ അടിസ്ഥാനത്തിലുള്ള സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നല്കണമെന്ന് ഗ്രാമ വികസന കമ്മീഷണർ പരാമർശം (6) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റർബൻ ക്ലസ്റ്ററുകളിലെ ഓൺഗോയിങ് വർക്കുകൾ എല്ലാം തന്നെ 2022 ഡിസംബർ 31-നകം പൂർത്തീകരിക്കണമെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ (MoRD) നിന്ന് കർശന നിർദ്ദേശം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ടി ക്ലസ്റ്ററുകളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പ്രോജക്ട്

എഞ്ചിനീയറുടെ സേവനം അത്യന്താപേക്ഷിതമാണ്. ഈ സാഹചര്യത്തിൽ, കണ്ണൂർ ജില്ലയിലെ ചെമ്പിലോട്-പെരളശ്ശേരി ക്ലസ്റ്ററിലെ പ്രോജക്റ്റ് എഞ്ചിനീയർ ശ്രീമതി റിതിക എസ്.-ന്റെയും, പാലക്കാട് ജില്ലയിൽ പുതുക്കോട്-കാവശ്ശേരി ക്ലസ്റ്ററിലെ പ്രോജക്റ്റ് എഞ്ചിനീയർ ശ്രീ.നിമിൽ എം.-ന്റെയും കരാർ കാലാവധി പരമാവധി ഒരു വർഷമോ അല്ലെങ്കിൽ പദ്ധതി അവസാനിക്കുന്ന തീയതി വരെയോ ഏതാണ് ആദ്യം വരുന്നത് എന്ന മുറയ്ക്ക് ദീർഘിപ്പിച്ച് നൽകാൻ, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i)പരാമർശം (1) മുതൽ (5) വരെയുള്ള ഉത്തരവുകളിലെ നിബന്ധനകൾ/നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

ii)ഭാവിയിൽ സ്ഥിരപ്പെടുത്തുന്നതിനു യാതൊരു അവകാശവാദവും ഉന്നയിക്കില്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തേണ്ടതും ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഇത് സംബന്ധിച്ച് ഒരു സത്യവാങ്മൂലം വാങ്ങേണ്ടതുമാണ്.

iii)കരാർ കാലാവധി നീട്ടിനൽകുന്നതിന് അനുമതി നൽകുന്ന ഉത്തരവിൽ നീട്ടി അനുവദിക്കുന്ന കാലയളവ് (dd/mm/yy to dd/mm/yy) കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

iv)കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ആവശ്യമായ സർവ്വീസ് ബ്രേക്ക് നിർബന്ധമായും നൽകേണ്ടതാണ്. കൂടാതെ ഒരേ വ്യക്തിയെ തന്നെ കരാർ അടിസ്ഥാനത്തിൽ ദീർഘകാലം തുടരാൻ അനുവദിക്കുന്നത് സമാന യോഗ്യതയുള്ള മറ്റ് ഉദ്യോഗാർത്ഥികളുടെ അവസരത്തെ ബാധിക്കുമെന്നതുകൊണ്ട് കരാർ കാലാവധി തീരുന്ന മുറയ്ക്ക് തുടർന്നും പ്രസ്തുത തസ്തികകളിലേയ്ക്ക് ജീവനക്കാരെ ആവശ്യമുള്ള പക്ഷം പുതിയ നിയമനം നടത്തേണ്ടതാണെന്നും ആയത് യാതൊരു കാരണവശാലും മുൻനിയമനത്തിന്റെ തുടർച്ചയാകാൻ പാടില്ലാത്തതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പകർപ്പ് :- ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ശ്രീമതി റിതിക എസ്., പ്രോജക്റ്റ് എഞ്ചിനീയർ, കണ്ണൂർ (Through CRD)
ശ്രീ.നിമിൽ എം., പ്രോജക്റ്റ് എഞ്ചിനീയർ, പാലക്കാട് (Through CRD)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

സ.ഉ.(സാധാ) നം.2907/2022/LSGD

ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Nisam N
Date: 24-11-2022 12:13:23
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി